K18U 0048

Reg. No.: ...............................

Name : ...................................

**VI Semester B.A. Degree (CBCSS – Reg./Supple./Imp.)**
**Examination, May 2018**
**CORE COURSE IN MALAYALAM**
**6B12 MAL : Arangum Porulum**
**(2014 Admn. Onwards)**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) മലയാളത്തിലെ ശാകുന്തളമാണ് നളചരിതം ആട്ടക്കഥ. – ചർച്ച ചെയ്യുക.

2) 'ട്രാഫിക്' എന്ന തിരക്കഥയെ മുൻനിർത്തി തിരക്കഥയുടെ ഘടകങ്ങൾ പരിചയപ്പെടുത്തുക.

3) നമ്പ്യാരുടെ ആഖ്യാനത്തിന്റെ പ്രത്യേകതകൾ പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക.

4) ലളിതാംബിക അന്തർജ്ജനത്തിന്റെ സാവിത്രി അഥവാ വിധവാ വിവാഹം പ്രതിഫലിപ്പിക്കുന്ന സാമൂഹികാവസ്ഥയെക്കുറിച്ച് ഉപന്യസിക്കുക. **(2×7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) മത്തവിലാസം പേരിനെ അന്വർത്ഥമാക്കുന്ന കൃതിയാണ്. വിശദീകരിക്കുക.

6) വേണ്ട സമയത്ത് അസ്ത്രങ്ങൾ ഫലിക്കാതെ പോകട്ടെ എന്ന് കർണ്ണനെ ശപിച്ചതാര് ? കാരണമെന്ത് ?

7) തുള്ളൽ കൃതികളുടെ ഭാഷാസ്വരൂപം 'ഘോഷയാത്ര'യെ അടിസ്ഥാനമാക്കി നിരൂപിക്കുക.

8) ''ഊണിന്നാസ്ഥ കുറഞ്ഞു നിദ്ര നിശയി –
ങ്കൽപ്പോലുമില്ലാതെയായ്,'' – സന്ദർഭമെഴുതി ആശയം വിശദമാക്കുക.

9) ഐഹിക സുഖങ്ങളെല്ലാം അനുഭവിച്ചുകൊണ്ട് മോക്ഷം സാധിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്ന ബുദ്ധഭിക്ഷുവിലൂടെ പരിഹസിക്കുന്നതാരെ ?

10) ആട്ടക്കഥയും കഥകളിയും തമ്മിലുള്ള വ്യത്യാസം വിവരിക്കുക. **(4×3=12)**

P.T.O.

III. നൂറു വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) 'തടിയന്മാരേ! പടപൊരുതീടുക
കുടിയന്മാരേ! മൂഢന്മാരേ!' – സന്ദർഭമെഴുതുക.

12) കൂത്ത് എന്ന കലാരൂപത്തിന്റെ ഉത്ഭവ വികാസങ്ങൾ അവതരിപ്പിക്കുക.

13) 'എഡിറ്റിംഗ് ' എന്നാലെന്ത് ? കുറിപ്പെഴുതുക.

14) ഇന്ദ്രൻ കർണ്ണനോട് ഭിക്ഷ ചോദിക്കുന്നത് കർണ്ണഭാരത്തിൽ എങ്ങനെ വിവരിച്ചിരിക്കുന്നു ?

15) 'ജാതമായി തദ്വിവാഹകൗതുകം ആദരേണ ഞങ്ങൾ കണ്ടുപോന്നിതു' ആര് ? വിശദീകരിക്കുക.

16) സിനിമയിൽ സംഗീതത്തിനുള്ള പ്രാധാന്യമെന്ത് ? കുറിപ്പെഴുതുക. **(4×2=8)**

IV. ഒറ്റ വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) 'സ്വപ്നവാസവദത്തം' ആരുടെ കൃതിയാണ് ?

18) കഥകളിയിലെ പച്ചവേഷം ഏത് തരത്തിലുള്ള കഥാപാത്രത്തെയാണ് പ്രതിനിധീകരിക്കുന്നത് ?

19) മത്തവിലാസം പ്രഹസനത്തിലെ കഥാരംഗം ഏത് സ്ഥലമാണ് ?

20) ട്രാഫിക് സിനിമയുടെ സംവിധായകനാര് ?

21) ലളിതാംബിക അന്തർജ്ജനം എഴുതിയ ആത്മകഥയേത് ?

22) കൂത്തിൽ ഉപയോഗിക്കുന്ന വാദ്യോപകരണങ്ങളേവ ?

23) കൂടിയാട്ടത്തിൽ നമ്പ്യാർ മിഴാവ് കൊട്ടുന്നതിനനുസരിച്ച് നങ്ങ്യാർ പാടുന്ന ചടങ്ങേത് ?

24) 'പൊട്ടക്കുളമതു വിട്ടുതിരിച്ചാ
ലട്ടക്കൊരുഗതിയില്ലെന്നറിക' – ആരുടെ വാക്കുകൾ ? **(6×1=6)**